# യോഥാമില്ലാത്ത സമൂഹം

**ജനസമ്മതരായ അനേകരുണ്ട്. അവർ പ്രസിദ്ധിക്കു പിന്നാലെ പരക്കം പായുന്നില്ല. കാരണം, ഇപ്പോൾതന്നെ അവർ പ്രസിദ്ധരും ജനസമ്മതരുമാണ്. ഇതൊന്നും ഇല്ലാതെ എവിടെ നിന്നോ കയറിവരുന്നവരൊക്കെ പ്രസിദ്ധരാകാൻ കാണിക്കുന്ന വ്യഗ്രത നമ്മെ അത്ഭുതപ്പെടുത്തിയേക്കാം.**



**ജെ.പി. വെണ്ണിക്കുളം**

'പ്രസിദ്ധനാകുവാൻ ആഗ്രഹിക്കുന്നവൻ രഹസ്യത്തിൽ ഒന്നും ചെയ്യുന്നില്ലല്ലോ' (യോഹ. 7:4) എന്ന വാക്യം എത്രയോ അർത്ഥവത്താണ്. ഇന്നു നാം കാണുന്ന സ്ഥാനമാനങ്ങളെല്ലാം പ്രസിദ്ധിക്കു വേണ്ടിയുള്ള പരാക്രമങ്ങളുടെ പരിണിത ഫലമാണ്. സ്വന്തം പേര് ഉയർന്നു കാണാൻ ആഗ്രഹിക്കാത്ത ആര് ഇന്നുണ്ട്? എന്നാൽ പ്രസിദ്ധിക്കുവേണ്ടി ഏതു കുതന്ത്രവും മെനയുന്നതും എതിരാളിയുടെ കുതികാൽ തകർക്കുന്നതും പെന്തെക്കോസ്തു സമൂഹത്തിന് ഭൂഷണമല്ല. ആർക്കും എന്തും ആകാമെന്ന സ്ഥിതിയാണിപ്പോൾ. സ്റ്റേജിൽ തട്ടുപൊളിപ്പൻ ആത്മീയതയും അണിയറയിൽ വിശുദ്ധിയുടെ പേരിൽ കാണിക്കുന്ന അമിതാവേശവും ലോക രാഷ്ട്രീയത്തേക്കാൾ തരംതാണ നിലയിൽ നമ്മുടെ സമൂഹത്തെ ഗ്രഹിച്ചുകൊണ്ടിരിക്കുന്നു.

ജനാധിപത്യ സംവിധാനമുള്ള പെന്തെക്കോസ്തു പ്രസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് ഉണ്ട്. ജനംവിധി എഴുതുന്നവർ നേതൃസ്ഥാനങ്ങളിൽ എത്തുന്നു. എന്നാൽ ജനാധിപത്യത്തെ പണാധിപത്യം കൊണ്ടു വിലയ്ക്കു വാങ്ങി വോട്ടു മറിക്കുന്ന സമ്പ്രദായം ലോകത്തിൽ സർവ്വസാധാരണമാണെങ്കിലും പെന്തെക്കോസ്തിലും ഇതൊരു പുഴുക്കുത്തായി ബാധിച്ചിരിക്കുന്നു. കർത്താവ് അനുഗ്രഹിച്ച് പെന്തെക്കോസ്തുകാർക്ക് ധാരാളം പണം ഉള്ളതുകൊണ്ട് അത് വാരി എറിയുന്നതിന് മടിയൊന്നും ഇല്ലല്ലോ. നാം ഒരാളെ തെരഞ്ഞെടുക്കാൻ ആഗ്രഹിക്കുമ്പോൾ എന്തു മാനദണ്ഡമാണ് ഉപയോഗിക്കുന്നത്? അർഹരായവർ നേതൃസ്ഥാനങ്ങളിൽ വരണം. അതും നീതിപൂർവ്വമായ വിധിയിലൂടെ തന്നെയാകട്ടെ. ഇന്നത്തെ തെരഞ്ഞെടുപ്പ് സംവിധാനങ്ങൾ പലതും പരിഷ്കരിക്കേണ്ടതായുമുണ്ട്. ഇതൊന്നും ചെയ്തില്ലെങ്കിൽ അടുത്ത ചില വർഷങ്ങൾക്കുള്ളിൽ തന്നെ പെന്തെക്കോസ്തു സമൂഹത്തിന്റെ തകർച്ചയ്ക്ക് നാം സാക്ഷ്യം വഹിക്കേണ്ടതായി വരും. നമുക്ക് കരയാം, സമൂഹത്തിന്റെ നല്ല നാളെക്കായ്.

ന്യായാധിപന്മാർ 9-ാം അദ്ധ്യായത്തിലെ ഒരു കഥ ശ്രദ്ധിക്കുക: പ്രസിദ്ധരാകാൻ കച്ചകെട്ടി ഇറങ്ങുന്നവർക്ക് ഇതൊരു പാഠമാണ്. യെരുബാലിന്റെ മകനായ യോഥാമാണ് കഥ പറയുന്നത്. പണ്ടൊരിക്കൽ വൃക്ഷങ്ങൾ തങ്ങൾക്ക് ഒരു രാജാവിനെ അഭിഷേകം ചെയ്യാൻ പോയ കഥ (9: 8-15). ഒലിവ് വൃക്ഷത്തെ സമീപിച്ചു നീ ഞങ്ങൾക്ക് രാജാവായിരിക്ക എന്നു പറഞ്ഞപ്പോൾ ദൈവവും മനുഷ്യനും നൽകുന്ന ഒരു മാന്യതയുണ്ടെന്നും അത് വിട്ട് വിലകുറഞ്ഞ രാഷ്ട്രീയത്തിലേക്ക് ഇല്ലെന്നും പറഞ്ഞു. ഒലീവ് മരത്തിന് തന്നിൽതന്നെ പുഷ്ടിയുണ്ട്. സകലരും പുകഴ്ത്തുന്ന വൃക്ഷമാണ്; എല്ലാവരാലും പ്രസിദ്ധവുമാണ്. ഇപ്പോൾ ഉള്ളതിൽ കവിഞ്ഞ് മറ്റൊന്നും ആഗ്രഹിക്കുന്നില്ല എന്നാണ് ഒലിവ് വൃക്ഷം പറഞ്ഞത്.

അത്തിവൃക്ഷത്തോടും ഇതേ കാര്യം ചോദിച്ചപ്പോൾ പറഞ്ഞ മറുപടി ശ്രദ്ധിക്കുക: എന്റെ മധുരവും വിശേഷപ്പെട്ട പഴവും ഉപേക്ഷിച്ച് വൃക്ഷങ്ങളുടെ മേൽ ആടുവാൻ ഞാനില്ല. അത്തിവൃക്ഷത്തിന്റെ ഫലം ഇപ്പോൾ തന്നെ മധുരിക്കുന്നതാണ്. അനേകർ ഈ മധുരം ആസ്വദിക്കുന്നുണ്ട്. ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന മധുരത്തിനുള്ള അംഗീകാരം വിട്ട് മറ്റൊന്നിനും എന്നെ കിട്ടില്ല എന്ന് അത്തിവൃക്ഷം പറഞ്ഞു.

മുന്തിരിവള്ളിയോടു ചോദിച്ചപ്പോഴും സമാനമായ മറുപടിയാണ് നൽകിയത്. ദൈവത്തെയും മനുഷ്യനെയും രസിപ്പിക്കുന്ന രസം വിട്ട് ഒരു പരിപാടിക്കും ഞാനില്ല. തന്നിലെ രസം തിരിച്ചറിഞ്ഞ മുന്തിരവള്ളി അതേ രസം തുടരാൻ ആഗ്രഹിക്കുന്നു. എന്നാൽ മുൾപ്പടർപ്പ് അങ്ങനെയല്ലായിരുന്നു. തന്ത്രശാലിയായ നേതാവാണിത്. മറുപടി നോക്കൂ, എന്നെ രാജാവാക്കുവാൻ വാസ്തവമായി നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ വന്ന് എന്റെ നിഴലിൽ ആശ്രയിപ്പിൻ. നിങ്ങളുടെ ഉദ്ദേശം ശരിയല്ലെങ്കിൽ തീ പുറപ്പെട്ട് എല്ലാറ്റിനെയും സംഹരിക്കും.

നാലു വിഭാഗക്കാരെയാണ് കണ്ടത്. ആദ്യ മൂന്നു വിഭാഗങ്ങളും സ്വന്തം കഴിവും പ്രാപ്തിയും ജനപിന്തുണയും തിരിച്ചറിഞ്ഞിട്ടുള്ളവരാണ്. അവർ ഇപ്പോൾ തന്നെ ജനസമ്മതരുമാണ്. അതിൽ കവിഞ്ഞ് മറ്റൊന്നും അവർ ആഗ്രഹിക്കുന്നില്ല. പ്രസിദ്ധിക്കുവേണ്ടി ആവശ്യമുള്ളിടത്തും ഇല്ലാത്തിടത്തും ഇടിച്ചു കയറുന്ന സ്വഭാവം ഇവർക്കില്ല. ഇവർ തങ്ങളുടെ മാഹാത്മ്യം മനസ്സിലാക്കിയിട്ടുള്ളവരും മറ്റുള്ളവരുടെ മുമ്പാകെ മാന്യരുമാണ്. എന്നാൽ മുൾപ്പടർപ്പ് അങ്ങനെയല്ലല്ലോ? ആരും അടുത്തു ചെല്ലാൻ ആഗ്രഹിക്കാത്ത പ്രകൃതക്കാരാണ്; തൊട്ടാൽ നോവിക്കുന്ന സ്വഭാവം. കൊടിയ വിഷവും ഉള്ളിൽ കരുതിക്കൊണ്ട് ജീവിക്കുന്നവർ. കൂടെ നിൽക്കാത്തവരെയെല്ലാം ദഹിപ്പിക്കുന്ന തീയും കൊണ്ടു നടക്കുന്നവർ. അപ്രതീക്ഷിതമായി കിട്ടിയ രാജാവാകാനുള്ള വാഗ്ദാനം എറ്റെടുക്കുവാനുള്ള മനസ്സുവയ്ക്കുമ്പോൾ തന്നെ ഡിമാന്റ് മുന്നിൽ വയ്ക്കാനും ഇവർക്ക് മടിയുണ്ടായിരുന്നില്ല. എന്നെ രാജാവാക്കുന്നത് കൊള്ളാം പക്ഷെ, കൂടെ നിന്നാൽ നിങ്ങൾക്ക് നല്ലത് അല്ലെങ്കിൽ എല്ലാവരെയും നിർമ്മൂലമാക്കും എന്ന സന്ദേശമാണ് നൽകിയത്.

ഇന്നത്തെ പെന്തെക്കോസ്തു സമൂഹത്തിലെ ആത്മീയർ എന്നഭിനയിക്കുന്നവരുടെ വ്യത്യസ്ത സ്വഭാവങ്ങളാണിത്. ജനസമ്മതരായ അനേകരുണ്ട്. അവർ പ്രസിദ്ധിക്കു പിന്നാലെ പരക്കം പായുന്നില്ല. കാരണം, ഇപ്പോൾതന്നെ അവർ പ്രസിദ്ധരും ജനസമ്മതരുമാണ്. ഇതൊന്നും ഇല്ലാതെ എവിടെ നിന്നോ കയറിവരുന്നവരൊക്കെ പ്രസിദ്ധരാകാൻ കാണിക്കുന്ന വ്യഗ്രത നമ്മെ അത്ഭുതപ്പെടുത്തിയേക്കാം. ഏതായാലും യോഥാമിന്റെ ഈ കഥ നമ്മുടെ സമൂഹത്തിന് ഒരു പാഠം ആയേ മതിയാകൂ.

ഗിദയോനു വളരെ ഭാര്യമാരുണ്ടായിരുന്നതായി ന്യായാധിപന്മാർ 8: 30 ൽ വായിക്കുന്നു. ഈ ഭാര്യമാരിൽ നിന്നും 70 മക്കൾ ജനിച്ചു. എന്നാൽ ശേഖമിലുള്ള വെപ്പാട്ടിയിൽ ജനിച്ചവനാണ് അബിമെലെക്ക്. അധികാര മോഹിയായിരുന്നതിനാൽ തനിക്ക് പ്രസിദ്ധനാകണമെന്നുള്ള മോഹമുണ്ടായി. ഈ ആഗ്രഹം തന്റെ അമ്മയോടും മറ്റ് 70 സഹോദരന്മാരോടും പിതൃഭവനക്കാരോടും പറഞ്ഞു. 70 പേരും കൂടി ഭരിക്കുന്നതോ ഞാൻ ഭരിക്കുന്നതോ നല്ലതെന്ന് ചോദിച്ചപ്പോൾ 70 പേരും കൂടി അബിമെലെക്കിനെ പിന്തുണച്ചു. കാരണം, അവന്റെ അമ്മ ഇതാവശ്യപ്പെട്ടപ്പോൾ അതവർക്ക് സമ്മതിക്കാതിരിക്കാൻ കഴിഞ്ഞില്ല. സ്വന്തം സഹോദരനല്ലെ, ഉയർന്നുവരുന്നെങ്കിൽ വരട്ടെ എന്നു ചിന്തിച്ച് ഒരുഅവസരം നൽകിയതാണ്. എന്നാൽ അവൻ നന്ദിയില്ലാത്തവനായിരുന്നു. തികച്ചും അധികാര മോഹിയായ അബിമെലെക്കിന് സ്ഥാനം മാത്രമായിരുന്നു ലക്ഷ്യം. പിതൃഭവനത്തോടോ സഹോദരങ്ങളോടോ യാതൊരു കടപ്പാടും ഇല്ലാത്തവനായിരുന്നു. മര്യാദകെട്ടവരും നിസ്സാരന്മാരുമായവരെ (9: 4) കൂലിക്ക് വാങ്ങി അവർക്ക് നായകനായി തീർന്ന കപട നേതാവിനെയാണ് ഇവിടെ കാണുന്നത്. തന്റെ സ്ഥാനം മറ്റാരും തട്ടി എടുക്കാതിരിക്കാൻ 70 സഹോദരന്മാരെയും അവൻ കൊന്നുകളഞ്ഞു. പക്ഷെ, ഒരാൾ തെറ്റിയൊഴിഞ്ഞു, യോഥാം. തികച്ചും സ്വേച്ഛാധിപതിയായ അബിമെലെക്കിന് മനഃസാക്ഷി എന്ന ഒന്ന് ഇല്ലായിരുന്നു. ആരേയും കൊല്ലാനും തല്ലാനും ഗുണ്ടാവിളയാട്ടം നടത്താനും മടിയില്ലാത്തവനായിരുന്നു. എതിരാളികളെ തറപറ്റിക്കുന്നവനായിരുന്നു. തനിക്ക് മീതെ ഉയർന്നുവരാൻ ആരെങ്കിലും ആഗ്രഹിച്ചാൽ അവരെ ചവിട്ടി താഴ്ത്തുന്നവനായിരുന്നു.

ശെഖെമുകാരനായതിനാൽ സ്വന്തം കുടുംബക്കാരെ സംരക്ഷിക്കുന്നതിനു വേണ്ടി അവർ അവനെ രാജാവാക്കി. ഈ വിവരം 70 പേരിൽ രക്ഷപെട്ട യോഥാം അറിഞ്ഞപ്പോൾ മനസ്സു പൊടിഞ്ഞു. അപ്പോൾ യോഥാം പറഞ്ഞ കഥയാണ് നാം ആദ്യം വായിച്ച വൃക്ഷത്തിന്റെ കഥ. അപ്പന്റെ കുലത്തിൽ ശേഷിക്കുന്നവനായ യോഥാം ശേഖെമിനെയും അബിമെലെക്കിനെയും ശപിക്കുകയാണിവിടെ. 70 സഹോദരന്മാരെ കൊന്നവൻ രാജാവായി വരുന്നത് ഗുണത്തെക്കാൾ ദോഷമെ ചെയ്യൂ എന്നവൻ തിരിച്ചറിഞ്ഞു. അതുകൊണ്ട് തന്നെയാണ് യോഥാം അബിമെലെക്കിനെ മുൾപ്പടർപ്പിനോട് ഉപമിച്ചത്. മുൾപ്പടർപ്പ് സ്വയം നശിക്കുന്നതും മറ്റുള്ളവരെ നശിപ്പിക്കുന്നതുമല്ലൊ. 9:53-57 വരെ വാക്യങ്ങളിൽ അബിമെലെക്കിന്റെ അന്ത്യം ശ്രദ്ധിക്കുക; ഒരു സ്ത്രീയുടെ കൈ കൊണ്ട് മരിക്കാതിരിക്കാൻ ബാല്യക്കാരനെ കൊണ്ട് തന്റെ അന്ത്യം സംഭവിച്ചു.

ഇതു തന്നെയല്ലെ ഇന്നത്തെ സ്ഥിതി. സ്ഥാനമാനങ്ങൾക്കു വേണ്ടി എതിരാളികളെ ചവിട്ടി താഴ്ത്തി അതിന്മേൽ സിംഹാസനം ഇടുന്നവരാരുടെയും ജീവിതം ശുഭമാകില്ല. സാധാരണക്കാരന്റെ കണ്ണുനീർ കാണാതെ അവന്റെ പണം ധൂർത്തടിക്കുന്ന പ്രവണത ഇനിയെങ്കിലും അവസാനിപ്പിക്കണം. ദൈവഹിതമില്ലാത്തവർ നേതൃത്വത്തിൽ വന്നാൽ ജനം കയ്യടിക്കുമായിരിക്കും പക്ഷെ, കർത്താവ് അവരോടൊപ്പം ഉണ്ടാകില്ല എന്ന കാര്യം വിസ്മരിക്കരുത്.